A

# സമഗ്ര ശിക്ഷാ കേരളം

612

# വാർഷിക മൂല്യനിർണയം 2021-22

ക്ലാസ് : 6 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

***നിർദേശങ്ങൾ***

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എട്ട് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ അഞ്ച് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം 1 - കണ്ടെത്താം എഴുതാം**

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ചു നോക്കൂ. ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.

**ഓണപ്പൂക്കളോട്**

വെള്ളിനിലാവിൻ മകളുടെ മകളേ തുമ്പപ്പൂവേ
പൊൻവെയിലിൻ ചെറുപേരക്കുഞ്ഞേ മുക്കുറ്റിപ്പൂവേ
നീലാകാശം പെറ്റുവളർത്തിയ നെല്ലിപ്പൂവേ
നോക്കൂവിനിന്നാണല്ലോ നമ്മുടെ പൊന്നിൻ തിരുവോണം.

....................................................................................................

....................................................................................................

നാമെല്ലാരും ചേരുകിലിത്തിരുവോണം നന്നാവും
ചേരുക ചേരുക നേന്ത്രപ്പഴവും നമ്മോട് കൂടീടും

**- കുഞ്ഞുണ്ണി (വലിയ കുട്ടിക്കവിതകൾ)**

(എ) മുക്കുറ്റിയ്ക്ക് സ്വർണനിറമാണെന്ന് സൂചിപ്പിക്കാൻ കവി ഉപയോഗിച്ച പദം ഏതാണ്?
(വെള്ളി നിലാവ്, പൊൻവെയിൽ, നീലാകാശം)

(ബി) നെല്ലിപ്പൂവിനെ ആരാണ് പെറ്റു വളർത്തിയത്?
(തുമ്പപ്പൂ, തിരുവോണം, നീലാകാശം)

(സി) തുമ്പപ്പൂവിന് വെള്ള നിറം ലഭിച്ചത് എവിടെ നിന്നാവാം
(നീലാകാശം, വെള്ളിനിലാവ്, പൊൻവെയിൽ)

(ഡി) ഓണം നന്നാവുന്നത് എപ്പോഴാണ്?
(ഓണക്കോടിയുടുക്കുമ്പോൾ, നേന്ത്രപ്പഴം കഴിക്കുമ്പോൾ, നാമെല്ലാം ഒത്തുചേരുമ്പോൾ)

(ഇ) പൂവ് എന്ന വാക്കിന്റെ പകരം പദം തെരഞ്ഞെടുത്തെഴുതുക.
(മലർ, ചോല, തളിര്)

**പ്രവർത്തനം 2 – വർണന തയ്യാറാക്കുക.**

'വേഗമുറങ്ങൂ' എന്ന കവിതയിൽ വെയിലിനേയും അമ്പിളിയെയും കുറിച്ചുള്ള വർണന നാം കണ്ടു. താഴെ നൽകിയ കവിത വായിച്ചു നോക്കൂ.

രാത്രി
ഒരു രാപ്പാടിയുടെ പാട്ട്,
നോക്കൂ, ലോകത്തെ മുഴുവൻ
താരാട്ടുന്നു.

**- അഷിത**

(എ) രാത്രിയെ എത്ര മനോഹരമായാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്. നിങ്ങൾ കണ്ട പ്രകൃതി ദൃശ്യത്തിന്റെ വർണ്ണന തയ്യാറാക്കൂ.

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക

(ബി) 'വേഗമുറങ്ങൂ' എന്ന കവിതയിൽ കുട്ടിയ്ക്ക് ലോകം നീലമയിലിനെപ്പോലെ മനോഹരമാവുന്ന സന്ദർഭം ഏതാണ്?
(എ) കളികളിൽ ഏർപ്പെടുമ്പോൾ (ബി) ഉറങ്ങുമ്പോൾ (സി) ഉണർന്നിരിക്കുമ്പോൾ

(സി). 'വേഗമുറങ്ങൂ' എന്ന കവിതയിൽ രാത്രിയുടെ വരവിനെ എങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്.?
(എ) കൊമ്പനാനയായി (ബി) അമ്പിളിക്കലയായി (സി) കൊന്നപ്പൂവായി

**പ്രവർത്തനം 3 – സംഭാഷണം തയ്യാറാക്കുക**

തേങ്ങ എന്ന കഥയിലൂടെ മനുഷ്യനും പ്രകൃതിയും.തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം നാം തിരിച്ചറിഞ്ഞു. താഴെ ചേർത്ത കഥ വായിച്ചു നോക്കൂ.

**<u>കുഞ്ഞിക്കിളിയുടെ സന്തോഷം</u>**

ഒരു സന്ധ്യ. ഞാൻ കളിച്ചുകൊണ്ടിരിക്കുമ്പോൾ അകലെ ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം. അത് എന്താണെന്നറിയാൻ ശബ്ദം കേൾക്കുന്ന സ്ഥലത്തേയ്ക്ക് ഓടിച്ചെന്നു. ഒരു പൂച്ച കുഞ്ഞിക്കിളിയെ പിടിക്കാൻ നോക്കുന്നു. ഞാൻ ഓടിപ്പോയി പൂച്ചയെ തട്ടിവിട്ടപ്പോൾ കുഞ്ഞിക്കിളി പറക്കൽ നിർത്തിയിട്ട് താഴേക്ക് ഒറ്റ വീഴ്ച. ഞാൻ അതിനെ എടുത്ത് വീട്ടിലേയ്ക്ക് ഓടിച്ചെന്നപ്പോഴാണ് എനിക്ക് ഓർമ്മ വന്നത്. അമ്മ എന്നെ കുഞ്ഞിക്കിളിയേയുംകൊണ്ട് അകത്തു കേറ്റുകയില്ലല്ലോ. അതുകൊണ്ട് അമ്മ കാണാതെ ഞാൻ കുഞ്ഞിക്കിളിയെ അകത്തേക്കു കൊണ്ടു വന്നിട്ട് അതിന് വെള്ളം കൊടുത്തു. എന്നിട്ട് പുറത്തക്ക് പറത്തിവിട്ടു, അത് പറന്നു. രസിച്ചു.........

**- ശ്രീരാജ് (എ.എൽ.പി.എസ്. പൂക്കോട്ടുകാവ്)**

(എ) ഈ കഥയിലെ കുഞ്ഞിക്കിളി കൂട്ടിലെത്തിയശേഷം അമ്മക്കിളിയുമായി നടത്താൻ സാധ്യതയുള്ള സംഭാഷണം എഴുതി നോക്കൂ.

(ബി) 'സഹോദരശ്രുതി' എന്ന പാഠഭാഗം പി.എൻ. ദാസിന്റെ ഏതു കൃതിയിലേതാണ്?
(ജീവിതഗാനം, ജീവിതപ്പാത, എന്റെ ജീവിതകഥ)

(സി) 'കാല്' എന്ന വാക്കിന്റെ പകരം പദം കണ്ടെത്തുക.
(നാദം, പാദം, പാനം)

**പ്രവർത്തനം 4 – പ്രതികരണക്കുറിപ്പ്.**

"കൊറോണ ഓണത്തിന്റെ ശോഭ കെടുത്തി"

(എ) ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണം എന്താണ്? ഒരു കുറിപ്പ് തയ്യാറാക്കൂ.

ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

(ബി) കൊയ്തു കൊണ്ടു വന്ന നെൽക്കറ്റകൾ മെതിച്ചു കിട്ടുന്ന നെല്ല് അതേപടി കൂട്ടിയിടുന്ന ചടങ്ങിന് പറയുന്ന പേര്?

(പൊലി, പുഞ്ച, നിലം)

(സി) കുട്ടനാട്ടിലെ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം ആവിഷ്കരിച്ച ജ്ഞാനപീഠ പുരസ്കാരം നേടിയ സാഹിത്യകാരൻ.

(എസ്.കെ.പൊറ്റക്കാട്, ജി.ശങ്കരക്കുറുപ്പ്, തകഴി ശിവശങ്കരപിള്ള)

**പ്രവർത്തനം 5 - വി ശകലനക്കുറിപ്പ് തയ്യാറാക്കുക**

'സങ്കടം' എന്ന കവിത വായിച്ചു നോക്കൂ.

<u>സങ്കടം</u>

ചന്തം തികഞ്ഞൊരു കൂട്ടിൽ
ചിന്തിച്ചിരിക്കുന്ന തത്തേ
ചെങ്കദളിപ്പഴം നൽകാം
സങ്കടമെന്തെന്നു ചൊല്ലൂ
കൂടാണു സങ്കടം കുഞ്ഞേ
കൂടപ്പിറപ്പുമിന്നില്ല
മാടി വിളിക്കുന്നു വാനം
പാടവും പൂമരക്കാടും
പാടിപ്പറക്കുവാനുള്ളിൽ
പാരമുണ്ടാശയെനിക്ക്
പാൽച്ചോറു വേണ്ട പഴവും
പൈതലേ കൂടു തുറക്കൂ

**- കെ.കെ.പല്ലശ്ശന**

(എ) ഇവിടെ 'പാൽച്ചോറും പഴവും വേണ്ട' എന്ന് തത്ത പറയുന്നത് എന്തുകൊണ്ടാവാം? കവിത വായിച്ച് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കൂ..

ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക

(ബി) 'സ്വാതന്ത്ര്യം എന്റെ ജന്മാവകാശം' - ആരുടെ വാക്കുകളാണ്.

(മഹാത്മാഗാന്ധി, ബാലഗംഗാധരതിലകൻ, സുഭാഷ്ചന്ദ്രബോസ്)

(സി) 'ശബ്ദം' എന്നതിന്റെ പകരം പദം

(ആരവം, ആരാമം, ആനന്ദം)

**പ്രവർത്തനം 6 – വാങ്മയചിത്രം തയ്യാറാക്കുക**

'അജയ്യതയുടെ പ്രതീകം' എന്ന പാഠഭാഗത്തിൽ നാം ഗാന്ധിജിയുടെ വാങ്മയചിത്രം പരിചയപ്പെട്ടു. താഴെ കൊടുത്തത് നോക്കൂ.

"മെലിഞ്ഞു നീണ്ടരൂപം
വെളുത്ത ജുബ്ബയും മുണ്ടും
മുടി നന്നേ കുറവ്...
ചാരുകസേരയിൽ കിടത്തം"

(എ) വൈക്കം മുഹമ്മദ് ബഷീറിനെ ഒരു വാങ്മയചിത്രത്തിലൂടെ അവതരിപ്പിച്ചതിന്റെ തുടക്കമാണിത്. നിങ്ങൾക്ക് പരിചയമുള്ള ഒരു വ്യക്തിയുടെ വാങ്മയചിത്രം തയ്യാറാക്കൂ.

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക


(ബി) 'അടയാളം' എന്ന വാക്കിന്റെ പകരം പദം?

(എ) പ്രമാണം (ബി) പ്രതീകം (സി) പ്രതലം

(സി) 'കേരളഗാന്ധി' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന സ്വാതന്ത്ര്യസമരസേനാനി

(എ) കെ.കേളപ്പൻ (ബി) എ.കെ.ഗോപാലൻ (സി) മന്നത്തുപത്മനാഭൻ

7 – ജീവചരിത്രക്കുറിപ്പ്




(എ) മുകളിൽ കൊടുത്ത സൂചനകൾ കൂടി ഉൾപ്പെടുത്തി പി. വത്സലയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.

(ബി) 'നന്ദി' എന്ന വാക്കിന്റെ പകരം പദം കണ്ടെത്തൂ.
(കൃതജ്ഞത, കൃത്യത, കണിശം)

(സി) വാതിലുകൾ അടയ്ക്കുമ്പോൾ തന്നെ പെട്ടിയിലിട്ട് പൂട്ടിയതായി തോന്നി. ആർക്ക്?
(വീട്ടമ്മയ്ക്ക്, അക്കമ്മയ്ക്ക്, സംഗീതചേച്ചിയ്ക്ക്)